(ബി) ഉണ്ടെങ്കിൽ തൃശ്ശൂർ ബസ് സ്റ്റേഷനിൽ ബസ്സിന്റെ സമയ വിവര പട്ടിക പ്രദർശിപ്പിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) സമയ വിവര പട്ടിക ഇവിടേയും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബസ് സ്റ്റേഷനുകളിൽ സമയ വിവര പട്ടിക പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്.

(ബി) തൃശ്ശൂർ ബസ്സ് സ്റ്റേഷനിലെ സമയ വിവര പട്ടിക ബോർഡ് പുതുക്കി എഴുതുവാൻ വേണ്ടി മാറിയതാണ്.

(സി) അവിടെ പുതുക്കിയ ബോർഡ് എത്രയും വേഗം സ്ഥാപിക്കുവാൻ നിർദ്ദേശം നൽകുന്നുണ്ട്.

കെ. എസ്. ആർ. ടി. സി. വാങ്ങിയ പുതിയ ബസ്സുകൾ

605 [864] ശ്രീ. കല്ലട നാരായണൻ:

" ത്യാഗരാജൻ

" എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം കെ. എസ്. ആർ. ടി. സി. എത്ര പുതിയ ബസ്സുകൾ വിലയ്ക്കു വാങ്ങി;

(ബി) ഇതിൽ പുതിയ റൂട്ടുകളിൽ എത്രയെണ്ണം സർവ്വീസ് ആരംഭിച്ചു;

(സി) ഇതിൽ പഴയ ബസ്സുകൾ എത്രയെണ്ണം മാറുവാൻ ഉപയോഗിച്ചു;

(ഡി) അടുത്ത സാമ്പത്തികവർഷം പുതിയ റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ,ബി,സി) ഈ സാമ്പത്തിക വർഷത്തിൽ 247 പുതിയ ചേസി സുകൾ വാങ്ങി. ഇവയിൽ 73 എണ്ണം പഴയ ബസ്സുകൾ മാറുന്നതിനായി ഇതുവരെ ഉപയോഗിച്ചിട്ടുണ്ട്. പുതിയ റൂട്ടുകൾ അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. ഓരോ ഡിപ്പോയിലുള്ള ഏറ്റവും പഴക്കം ചെന്ന വണ്ടികൾ ക്രമമനുസരിച്ച് പിൻവലിക്കുകയും തൽസ്ഥാനത്ത് പുതിയ വണ്ടികൾ നൽകുകയും ചെയ്യുക എന്ന ഒരു നയമാണ് ഇപ്പോൾ കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ളത്.

(ഡി) പുതിയ റൂട്ടുകളിൽ സർവ്വീസു നടത്തുന്നതിനെപ്പറ്റി ഒരു തീരുമാനമെടുത്തിട്ടില്ല. ദേശസാൽകൃത മേഖലയിലെ യാത്രാ സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള റൂട്ടുകളിൽ സർവ്വീസ് മെച്ചപ്പെടുത്തുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുക എന്ന ഒരു നയമാണ് കോർപ്പറേഷൻ ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly